LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റിലെ പദ്ധതികൾ

146 (491) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക എത്ര ; ഇതിൽ വകയിരുത്തപ്പെട്ട തുക എത്ര ; യഥാർത്ഥത്തിൽ ചെലവഴിച്ച തുക എത്ര ;

(ബി) 2014-15 ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ എത്രയായിരുന്നു ; അവയിൽ എത്ര പദ്ധതികൾക്ക് മുൻവർഷം ഭരണാനുമതി നൽകിയിരുന്നു ; ഇവയിൽ നടപ്പിലാക്കിയവ എത്ര ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ പുതിയ പദ്ധതികൾക്കായി ബഡ്ജറ്റിൽ 1145.92 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിൽ പദ്ധതികൾ പ്രഖ്യാപിച്ചതിനുശേഷം അവ നടപ്പിലാക്കുന്നതിനുള്ള മൂലധന ഭരണ വകുപ്പുകൾക്കും നിർവ്വഹണ വകുപ്പുകൾക്കുമാണ്. ഇവയുടെ നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തിയ ശേഷമാണ് ബഡ്ജറ്റിൽ തുക വകയിരുത്തുന്നത്. പുതിയ പദ്ധതികളുടെ നടത്തിപ്പിനായി 236.16 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി 110.88 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകൾമുഖേന നടപ്പിലാക്കുന്നതിലേക്കായി 2014-15 ബഡ്ജറ്റിൽ 228-ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ 126-ഓളം പദ്ധതികൾക്ക് ഇതിനോടകം തന്നെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകൾ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം മുപ്പതോളം പുതിയ പദ്ധതികൾ ഇതിനോടകംതന്നെ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരുന്നു.

നികുതി ഇളവ്

147 (492) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മേഖലയിൽ നികുതി ഇളവ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;